**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് — പഞ്ചായത്ത് ജീവനക്കാര്യം — കാസർഗോഡ് ജില്ല — പനത്തടി ഗ്രാമപഞ്ചായത്തിൽ ചട്ടങ്ങൾ ലംഘിച്ച് കെട്ടിട നിർമ്മാണ അനുമതി നൽകിയതുമായി ബന്ധപ്പെട്ട് ജീവനക്കാർക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടി - തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.607/2017/തസ്വഭവ          തീയതി, തിരുവനന്തപുരം, 04.03.2017

==========================================================================

പരാമർശം: 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 18.07.2013-ലെ ഇ 14-(എസ് സി 4/2013/കെഎസ്ഡി ) 712/2013 നമ്പർ കത്ത്

2. സർക്കാരിന്റെ 04.12.2013-ലെ ഇതേ നമ്പർ കുറ്റപത്രം
3. കുറ്റപത്രത്തിന് പനത്തടി ഗ്രാമപഞ്ചായത്ത് മുൻ എൽ.ഡി. ക്ലാർക്കുമാരായ ശ്രീ. അബ്ദുൾ റസാഖ് എ, ശ്രീ. വി.ജോസ് എന്നിവർ 13.02.2014-ലും, മുൻ സെക്രട്ടറി ശ്രീ. കെ. അബ്ദുൾ റഷീദ് 05.03.2014-ലും, മുൻ സെക്രട്ടറി ശ്രീ. നന്ദകുമാർ 01.03.2014-ലും സമർപ്പിച്ച എതിർവാദ പത്രികകൾ
4. പഞ്ചായത്ത് ഡയറക്ടറുടെ 07.10.2015-ലെ ഡി9-45244/2013 നമ്പർ കത്ത്

## ഉത്തരവ്

കാസർഗോഡ് ജില്ലയിലെ പനത്തടി ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള ചട്ടങ്ങൾ ലംഘിച്ച് കെട്ടിടനിർമ്മാണത്തിന് അനുമതി നൽകുന്നു എന്ന പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ പനത്തടി ഗ്രാമപഞ്ചായത്തിൽ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. തുടർന്ന് ക്രമക്കേടുകൾക്ക് ഉത്തരവാദിയായ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരായ ശ്രീ. പി. നന്ദകുമാർ, ശ്രീ. കെ. അബ്ദുൾ റഷീദ്, എൽ.ഡി. ക്ലാർക്കുമാരായ ശ്രീ. ജോസ്, ശ്രീ. അബ്ദുൾ റസാഖ് എന്നിവർക്ക് പരാമർശം (2) പ്രകാരം ലഘുശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകി സർക്കാർ അച്ചടക്ക നടപടി സ്വീകരിച്ചു. കുറ്റപത്രത്തിന് ഉദ്യോഗസ്ഥർ പരാമർശം (3) പ്രകാരം സമർപ്പിച്ച എതിർവാദ പത്രികകളിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം ചുവടെ ചേർക്കുന്ന അഭിപ്രായം ലഭ്യമാക്കി.

### ശ്രീ. പി. നന്ദകുമാർ, സെക്രട്ടറി

ശ്രീ. പി. നന്ദകുമാർ 02.09.2011 മുതൽ 06.12.2011 വരെ 2 മാസക്കാലയളവിൽ മാത്രമാണ് പനത്തടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി സേവനമനുഷ്ഠിച്ചത്. കേരള പഞ്ചായത്ത് രാജ് ചട്ടം 220-ബി-യും കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണം ചട്ടം 27-ലും കാണിച്ച പ്രകാരം മുൻവശത്ത് 3 മീറ്റർ ഇല്ലാതെ ശ്രീ. ഉമ്മർ ഹാജി നിർമ്മിച്ച ഷോപ്പിന് പഞ്ചായത്ത് തീരുമാനത്തിന്റെയും റോഡ് വികസിപ്പിക്കുമ്പോൾ റോഡിന് എതിർവശത്തുള്ള ടിയാന്റെ തന്നെ സ്ഥലത്തുനിന്നും ആവശ്യമായ സ്ഥലം വിട്ടു നൽകാമെന്ന 100/- രൂപ മുദ്രപത്രത്തിലുള്ള സമ്മതപത്രത്തിന്റെയും അടിസ്ഥാനത്തിലാണ് നമ്പർ നൽകിയിട്ടുള്ളത്. എന്നാൽ റോഡ് വികസനത്തിന് സ്ഥലം വിട്ടു നൽകിയവർക്ക് ലഭിക്കുന്ന ആനുകൂല്യം ഈ കാര്യത്തിൽ നൽകിയതും നമ്പർ അനുവദിക്കുന്നതിന് പഞ്ചായത്ത് തീരുമാനമെടുത്ത നടപടിയും ശരിയല്ല. നമ്പർ നൽകുന്നതിൽ തെറ്റു പറ്റിയതായി ശ്രീ. നന്ദകുമാർ തന്നെ ടിയാന്റെ വിശദീകരണത്തിൽ പറയുന്നുണ്ട്. കെട്ടിട നിർമ്മാണ ചട്ടം സംബന്ധിച്ചുള്ള അറിവില്ലായ്മയാണ് ഇതിന് കാരണമെന്ന ടിയാന്റെ വിശദീകരണം അംഗീകരിക്കാവുന്നതാണ്.

**ശ്രീ. കെ. അബ്ദുൾ റഷീദ്, സെക്രട്ടറി**

പനത്തടി ഗ്രാമപഞ്ചായത്തിലെ കോളിച്ചാലിൽ ശ്രീ. എൻ.യു. ബേബി എന്നവരുടെ നിലവിലുള്ള കെട്ടിടത്തിനു മുകളിൽ 2 മുറികൾ പണിയുന്നതിനുള്ള അപേക്ഷ എഞ്ചിനീയറുടെ സൂക്ഷ്മ പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് നിർമ്മാണാനുമതി നൽകിയത്. ആയതിനാൽ ശ്രീ. കെ. അബ്ദുൾ റഷീദിന്റെ വിശദീകരണം അംഗീകരിക്കാവുന്നതാണ്. കെട്ടിട നിർമ്മാണ അപേക്ഷ സംബന്ധിച്ച് പരിശോധന നടത്തിയ അസിസ്റ്റന്റ് എഞ്ചിനീയറുടെ ഭാഗത്താണ് പിഴവ് സംഭവിച്ചത്.

**ശ്രീ. ജോസ്, സീനിയർ ക്ലാർക്ക്**

പനത്തടി ഗ്രാമപഞ്ചായത്തിൽ ചട്ടലംഘനം നടത്തി ശ്രീ. ഉമ്മർ ഹാജി നിർമ്മിച്ച കെട്ടിടത്തിന് പഞ്ചായത്ത് തീരുമാനത്തിന്റെയും സെക്രട്ടറിയുടെ നിർദ്ദേശത്തിന്റെയും അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുക മാത്രമാണ് ടിയാൻ ചെയ്തത്. ആയതിനാൽ ടിയാന്റെ വിശദീകരണത്തിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ അംഗീകരിക്കാവുന്നതാണ്.

**ശ്രീ. അബ്ദുൾ റസാഖ്. എ, സീനിയർ ക്ലാർക്ക്**

പനത്തടി ഗ്രാമപഞ്ചായത്തിൽ ക്ലാർക്കായി ജോലി ചെയ്ത സമയത്ത് സാങ്കേതിക ഉദ്യോഗസ്ഥൻമാരുടെ അഭാവത്തിൽ സെക്രട്ടറിയുടെ നിർദ്ദേശ പ്രകാരമാണ് എൻ.യു. ബേബി എന്നവർ പനത്തടി വില്ലേജിൽ റീ.സ.273/1-ൽ നിലവിലുള്ള കെട്ടിടത്തിനു മുകളിൽ നിർമ്മിക്കുന്ന കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള അപേക്ഷയിൽ അന്വേഷണം നടത്തി റിപ്പോർട്ട് സെക്രട്ടറിക്ക് നൽകിയത്. സ്വാഭാവികമായും നിലവിലുള്ള കെട്ടിടത്തിനു മുകളിലുള്ള നിർമ്മാണത്തിനുള്ള അപേക്ഷ സംബന്ധിച്ച് പരിശോധിക്കുമ്പോൾ നിലവിലുള്ള കെട്ടിടം പുഴ പുറമ്പോക്ക് കൈയ്യേറി നിർമ്മിച്ചതാണോ എന്ന് ശ്രദ്ധിക്കേണ്ടതില്ല. ആയതിനാൽ ടിയാന്റെ വിശദീകരണം അംഗീകരിക്കാവുന്നതാണ്.

സർക്കാർ ഇക്കാര്യം ഉദ്യോഗസ്ഥർ സമർപ്പിച്ച എതിർവാദ പത്രികകളുടേയും പഞ്ചായത്ത് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും മന:പൂർവ്വമായ വീഴ്ച സംഭവിച്ചിട്ടില്ല എന്ന പഞ്ചായത്ത് ഡയറക്ടറുടെ വാദം അംഗീകരിക്കാവുന്നതാണെങ്കിലും ടിയാളുകൾ തെറ്റുകൾ ആവർത്തിക്കാതിരിക്കാൻ ലഘുശിക്ഷ അർഹിക്കുന്നു. കെട്ടിട ചട്ടങ്ങൾ സംബന്ധിച്ച അറിവില്ലായ്മ മൂലമാണ് ശ്രീ. ഉമ്മൻ ഹാജിക്ക് കെട്ടിട നമ്പർ അനുവദിച്ച് നൽകിയത് എന്നുള്ള ശ്രീ. പി. നന്ദകുമാറിന്റെ വാദം അംഗീകരിക്കത്തക്കതല്ല. കൂടാതെ എൽ.ഡി. ക്ലാർക്ക് ശ്രീ. ജോസ്, ശ്രീ. ഉമ്മൻ ഹാജിക്ക് കെട്ടിട നമ്പർ അനുവദിച്ച് നൽകുന്നതിന് തെറ്റായ റിപ്പോർട്ടാണ് നൽകിയിരുന്നത്. ഈ സാഹചര്യത്തിൽ സെക്രട്ടറി ശ്രീ. പി. നന്ദകുമാർ, എൽ.ഡി. ക്ലാർക്ക് ശ്രീ. ജോസ് എന്നിവർക്കെതിരായ അച്ചടക്ക നടപടി ടിയാളുകളുടെ ഒരു വാർഷിക വേതനവർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ 6 മാസത്തേക്ക് തടഞ്ഞുകൊണ്ടും, സെക്രട്ടറി ശ്രീ. കെ. അബ്ദുൾ റഷീദ്, എൽ.ഡി. ക്ലാർക്ക് ശ്രീ. അബ്ദുൾ റസാഖ് എ. എന്നിവർക്കെതിരെയുള്ള അച്ചടക്ക നടപടി ലഘുശിക്ഷയായ "സെൻഷ്വർ" നൽകിക്കൊണ്ടും ടിയാളുകൾക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ പഞ്ചായത്ത് ഡയറക്ടർ സ്വീകരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫൻ**

ഡെപ്യൂട്ടി സെക്രട്ടറി

1. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, പനത്തടി ഗ്രാമപഞ്ചായത്ത്, കാസർഗോഡ് ജില്ല
   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

(മറുപുറം.....)

3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വിജിലൻസ് (ഡി) വകുപ്പ് (01.10.2013-ലെ 9838/ഡി3/13/വിജി. നമ്പർ കത്ത്, യു.ഒ. റിമാർക്സ് നം.1643/ഡി3/17/വിജി. തീയതി 20.02.2017 എന്നിവ പ്രകാരം)
8. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.66062/ഇപിബി3/2013/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ